28/01/22

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.2563(5)/19/SIC

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 19609/SIC-G7/2019

**സന്നിഹിത**
**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി: 30.12.2021**

**ശ്രീ. പി. ശശിധരൻ,**
**കളപ്പുരയ്ക്കൽ,**
**ചുട്ടിപ്പാറ,**
**പത്തനംതിട്ട.** } **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**സൂപ്രണ്ട് (ജനറൽ),**
**പത്തനംതിട്ട നഗരസഭ.**

**അപ്പീൽ അധികാരി & സെക്രട്ടറി,**
**പത്തനംതിട്ട നഗരസഭ.** } **എതിർകക്ഷികൾ**

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 24.08.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 24.09.2019 |
| ഒന്നാം അപ്പീൽ | 14.10.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 05.11.2019 |
| രണ്ടാം അപ്പീൽ | 30.11.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 30.07.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, പത്തനംതിട്ട നഗരസഭ യിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ I നെ സംബന്ധിച്ചുള്ള വിവരങ്ങളാണ്.
2. പ്രസ്തുത അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ മറുപടി നൽകിയെങ്കിലും 2,4,7,9,10 എന്നീ ചോദ്യങ്ങൾക്ക് മറുപടി നിക്ഷേധിച്ചിരിക്കുകയാണെന്ന് പരാതിപ്പെട്ടുകൊണ്ട് ഒന്നാം അപ്പീൽ സമർപ്പിച്ചു. തുടർന്ന് അപ്പീൽ അധികാരി എസ്.പി.ഐ.ഒയുടെ മറുപടി ശരി വയ്ക്കുകയാണ് ഉണ്ടായത്.

3. ആവശ്യപ്പെട്ട വിവരം ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്ന് ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കാൻ തീരുമാനിച്ചു. പ്രസ്തുത ഹിയറിംഗിൽ അപ്പീൽഹർജിക്കാരനും എസ്.പി.ഐ.ഒയും പങ്കെടുത്തിരുന്നു.

4. ഹിയറിംഗിൽ പങ്കെടുത്ത അപ്പീൽഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്, അപേക്ഷയിൽ ആവശ്യപ്പെട്ട പൂർണമായ വിവരം നൽകിയിട്ടില്ല എന്നും വിവരം വെളിപ്പെടുത്തുന്നതിലെ പൊതുതാല്പര്യം കണക്കിലെടുക്കാതെ വെളിപ്പെടുത്തേണ്ട വിവരമാണ് ആവശ്യപ്പെട്ടതെന്നും എതിർകക്ഷികളുടെ മറുപടി തൃപ്തികരമല്ലെന്നും ആകയാൽ രേഖകൾ ലഭ്യമാക്കണമെന്നുമാണ്.

5. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമാക്കാവുന്ന വിവരങ്ങൾ നൽകി എന്നാണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷനെ അറിയിച്ചത്.

6. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയും എസ്.പി.ഐ.ഒയുടെ മറുപടിയും പരിശോധിക്കുമ്പോൾ അപൂർണ്ണമായ വിവരമാണ് എസ്.പി.ഐ.ഒ നൽകിയിട്ടുള്ളത് എന്ന് വ്യക്തം. പത്തനംതിട്ട നഗരസഭയിലെ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. രാജീവ് ആർ. നെ സംബന്ധിച്ച വിവരങ്ങളിൽ, ടിയാന്റെ സർവ്വീസ് ബുക്കിലെ വ്യക്തിപരമായ വിവരങ്ങൾ ഒഴികെ മറ്റെല്ലാ വിവരങ്ങളും നൽകാനുള്ള ബാദ്ധ്യത ഒന്നാം എതിർകക്ഷിയ്ക്കുണ്ട്. 24.08.2019 ലെ അപേക്ഷയിലെ 2,4,7,9,10 എന്നീ ചോദ്യങ്ങളിൽ ആണ് പരാതി നിലനിൽക്കുന്നത് എന്നാണ് അപ്പീൽഹർജിക്കാരൻ അറിയിച്ചിട്ടുള്ളത്. പ്രസ്തുത ചോദ്യങ്ങൾ പരിശോധിക്കുമ്പോൾ മേൽ സൂചിപ്പിച്ച ചോദ്യങ്ങളിൽ 10-ാമത്ത ചോദ്യത്തിനുള്ള വിവരം സർവ്വീസ് ബുക്കിൽ നിന്നും നൽകാവുന്നതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ നൽകാൻ കഴിയുന്ന വിവരങ്ങളെല്ലാം എസ്.പി.ഐ.ഒ നൽകിയിട്ടുള്ളതിനാൽ ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനുള്ളിൽ 9-ാമത്തെ ചോദ്യത്തിന് മറുപടി നൽകണമെന്ന് എസ്.പി.ഐ. ഒയ്ക്ക് നിർദ്ദേശം നൽകുന്നു.

7. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2021 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION THIRUVANANTHAPURAM

RIGHT TO INFORMAT